# എവിടെപ്പോയി ഹെപ്പറ്റൈറ്റിസ് - ബി കുത്തിവെയ്പുകാർ?

ഹെപ്പറ്റൈറ്റിസ് - ബി വരാതിരിക്കാനുള്ള പ്രതിരോധ കുത്തിവയ്പ് നടത്തുവാനായി ക്യാമ്പുകൾ സംഘടിപ്പിക്കാൻ മുന്നിട്ടിറങ്ങിയിരുന്ന സന്നദ്ധ സംഘടനകൾ പരിപാടി ഇടയ്ക്കുവച്ച് നിർത്തി മുങ്ങുന്നതായി കേരളത്തിലെ വിവിധ ജില്ലകളിൽനിന്നും പരാതികളുയർന്നിരിക്കുന്നു.

നാടാകെ കുട്ടിച്ചോറാക്കാൻ പോകുന്ന ഒരു പുതിയ ഇനം മഞ്ഞപ്പിത്തമാണ് ഹെപ്പറ്റൈറ്റിസ് - ബി എന്നും ഉടനേ കുത്തിവച്ചില്ലെങ്കിൽ രക്ഷയില്ലെന്നും ഒക്കെ പ്രചരിപ്പിച്ചാണ് സന്നദ്ധ സംഘടനകളും ഗ്രാമപഞ്ചായത്തുകളും ഈ പദ്ധതിക്കിറങ്ങി തിരിച്ചത്.

ഇപ്പോൾ ഒന്ന്, ഒരു മാസം കഴിഞ്ഞ് രണ്ട്, അതുകഴിഞ്ഞു അഞ്ചു മാസം കഴിഞ്ഞ് മൂന്നാമതൊന്ന് - എന്നിങ്ങനെ ആറു മാസം കൊണ്ട് മൂന്നു തവണ കുത്തിവെച്ചാലാണ് പ്രതിരോധ ശേഷി ലഭിക്കുക എന്നായിരുന്നു കുത്തിവയ്പ് മാമാങ്കം ആരംഭിച്ച കാലത്തെ പ്രചാരണം. ഒരു തവണത്തെ മരുന്നിന് 150 രൂപ മുതൽ 450 രൂപ വരെ വില. സന്നദ്ധ സംഘടനകൾ സംഘടിപ്പിക്കുന്ന ക്യാമ്പിൽ ചെല്ലുന്നവർ അതിന്റെ പകുതി കാശ് കൊടുത്താൽ കുത്തിവച്ചു തരും. ഇതായിരുന്നു മിക്ക ക്യാമ്പുകളുടെയും രീതി.

കേട്ടപാതി കേൾക്കാത്ത പാതി ആദ്യത്തെ ക്യാമ്പിൽ തന്നെ ഓടിച്ചെന്ന് കുത്തിവെപ്പെടുത്ത ആരോഗ്യപ്രേമികൾ അന്ന് പറഞ്ഞതനുസരിച്ച് ഒരു മാസം കഴിഞ്ഞു രണ്ടാം ഡോസും ആറു മാസം കഴിഞ്ഞ് മൂന്നാം ഡോസും കുത്തിവയ്ക്കുന്ന ക്യാമ്പുകൾ വരുന്നതും നോക്കിയിരിക്കയാണ്, ആദ്യ ഡോസ് കുത്തിവെയ്പ് ക്യാമ്പ് നടത്തിയ സംഘടനകൾ തടിയൂരാൻ ശ്രമിക്കുന്നത്.

മിക്കയിടത്തും സന്നദ്ധ സംഘടനകളെ മുന്നിൽ നിർത്തി ആദ്യഘട്ടം ക്യാമ്പുകൾ സംഘടിപ്പിച്ച് കുത്തിവയ്പു നല്കിയത് ഈ കുത്തിവയ്പിന്റെ മരുന്നു ഉത്പാദിപ്പിക്കുന്ന കമ്പനികൾ തന്നെയായിരുന്നു. ഈ രോഗത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ അനാവശ്യമായ ഭീതി പടർത്തി തങ്ങളുടെ മരുന്നു പെട്ടെന്ന് ചെലവാക്കി കാശുവാരാനായിരുന്നു കമ്പനികളുടെ ശ്രമം. പക്ഷേ, കേരളത്തിലെ ആരോഗ്യരംഗത്ത് ശ്രദ്ധയുള്ള പല സംഘടനകളും പ്രകൃതി ചികിത്സകരും മറ്റും ഈ പരിപാടിയുടെ ദുഷ്ടലാക്കിനെക്കുറിച്ച് ചൂണ്ടിക്കാണിക്കുകയും ജനങ്ങൾ സംശയാലുക്കളാവുകയും ചെയ്തതോടെ കമ്പനികൾ ഉദ്ദേശിച്ച വില്പന ക്യാമ്പുകളിലൂടെ നടക്കില്ലെന്ന് ബോധ്യമായി. ഇതേത്തുടർന്നാണ് സന്നദ്ധ സംഘടനകൾ വഴിയുള്ള കുത്തിവെയ്പ് ക്യാമ്പുകൾ തുടങ്ങിവച്ച ശേഷം പെട്ടെന്ന് ഉപേക്ഷിക്കാൻ ഇടയായത്രേ.

കമ്പനികൾ തടിയൂരിയെങ്കിലും ജനങ്ങളോട് സമാധാനം ബോധിപ്പിക്കേണ്ട സന്നദ്ധ സംഘടനാ പ്രവർത്തകർ ഇതുമൂലം ബുദ്ധിമുട്ടുകയാണിപ്പോൾ.